കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# അബ്രാഹത്തിന്റെ സ്നേഹം ദൈവം പരീക്ഷിക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus


അംഗികരിച്ചത് : M. Maillot; Tammy S.

നിർമ്മിച്ചത്: Bible for Children
www.M1914.org

©2013 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ഒരു ദിവസം രാത്രിയിൽ
ദൈവം അബ്രാഹത്തിന്
പ്രത്യക്ഷപ്പെട്ട്, ഒരു
കൽപന നൽകി.


ദൈവത്തെയാണോ മകനായ
ഇസഹാക്കിനെയാണോ
അബ്രാഹം കൂടുതലായി
സ്നേഹിക്കുന്നത് എന്നറിയാനായി
ദൈവം നടത്തിയ ഒരു
പരീക്ഷണമായിരുന്നു ആ കൽഷന.

“അബ്രാഹം, നീ സ്നേഹിക്കുന്ന നിന്റെ മകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയ ദേശത്തേക്ക് പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം.” ദൈവം അബ്രാഹത്തോട് കൽപ്പിച്ചു.



തന്റെ ഏക മകനെ
ബലിയർപ്പിക്കാനോ? അബ്രാഹത്തിന്
താങ്ങാവുന്നതിലുമപ്പുറമായിരുന്നു
അത്, കാരണം അവൻ തന്റെ
മകനെ അത്രയധികമായി
സ്നേഹിച്ചിരുന്നു.



ദൈവത്തിന്റെ കൽപന
വേദനയുണ്ടാക്കിയെങ്കിലും,
ദൈവത്തിൽ പൂർണ്ണമായി
വിശ്വാസമർപ്പിച്ച്, അബ്രാഹം
ദൈവകൽപന നിറവേറ്റാൻ തീരുമാനിച്ചു.



അബ്രാഹം അതിരാവിലെ
എഴുന്നേറ്റ് മകനായ
ഇസഹാക്കിനെയും രണ്ടു
വേലക്കാരെയും കൂട്ടി ബലിക്കുള്ള
വിറകുമായി കഴുതപ്പുറത്ത് പുറപ്പെട്ടു.



ബലിയർപ്പണത്തിന് പുറപ്പെടുന്നതിനു മുൻപായി അബ്രാഹം ദഹനബലിക്കുള്ള വിറക് കീറി തയ്യാറാക്കിയിരുന്നു. ദൈവകൽപ്പന അനുസരിക്കാൻ തയ്യാറായാണ് അവൻ പുറപ്പെട്ടത്.




മൂന്നാം ദിവസം അബ്രാഹം
തലയുയർത്തി നോക്കിയപ്പോൾ
അകലെ ദൈവം പറഞ്ഞ സ്ഥലം കണ്ടു.
“കഴുതയുമായി നിങ്ങൾ ഇവിടെ
നിൽക്കുക. ഞാനും മകനും
അവിടെപ്പോയി
ആരാധിച്ചു
തിരിച്ചുവരാം”. അവൻ
വേലക്കാരോടു
പറഞ്ഞു.


അബ്രാഹം ദഹനബലിക്കുള്ള
വിറകെടുത്ത് മകൻ ഇസഹാക്കിന്റെ
ചുമലിൽ വച്ചുകൊടുത്തു. കത്തിയും
തീയും അവൻ തന്നെയെടുത്തു.



ഇസഹാക്ക് തന്റെ പിതാവായ അബ്രാഹത്തോടു ചോദിച്ചു “പിതാവേ തീയും വിറകും ഉണ്ടല്ലോ; എന്നാൽ, ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?”. “ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തരും” അബ്രാഹം മറുപടി പറഞ്ഞു.


ദൈവം പറഞ്ഞ
സ്ഥലത്തെത്തിയപ്പോൾ, അബ്രാഹം
അവിടെ ഒരു ബലിപീഠം പണിതു.



ദൈവത്തിനു വേണ്ടി ഒത്തിരി ബലിപീഠങ്ങൾ പണിത അബ്രാഹത്തിന്, ഈ ബലിപീഠമൊരുക്കുമ്പോൾ ഹൃദയം നുറുങ്ങി. എങ്കിലും ദൈവത്തിലുള്ള ശക്തമായ ആശ്രയബോധം, അദ്ദേഹത്തിനു ധൈര്യം പകർന്നു നൽകി.



അബ്രാഹം വിറക് അടുക്കിവച്ച് പെട്ടെന്ന്
ഇസഹാക്കിനെ ബന്ധിച്ച് വിറകിനു മീതെ
കിടത്തി.





ദൈവകൽപന
അനുസരിക്കാനായി; തന്റെ
പൊന്നോമന പുത്രനെ
ബലികഴിക്കാനായി
അബ്രാഹം കത്തി
മുകളിലേക്ക് ഉയർത്തി.


“നിർത്തൂ”
കർത്താവിന്റെ
ദൂതൻ
ആകാശത്തുനിന്ന്
അബ്രാഹത്തോട്
കൽഷിച്ചു.



“കുട്ടിയെ കൊല്ലരുത്. അവനെ ഒന്നും ചെയ്യരുത്, നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി, കാരണം നിന്റെ ഏകപുത്രനെ എനിക്ക് തരാൻ നീ മടി കാണിച്ചില്ല.”


അബ്രാഹം തലയുയർത്തി നോക്കിയപ്പോൾ, തന്റെ പിന്നിൽ മുൾച്ചെടികൾക്കിടയിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു. അവൻ അതിനെ മകനു പകരം ദൈവത്തിനു ബലിയർപ്പിച്ചു.



“കർത്താവിന്റെ മലയിൽ
അവിടുന്ന് വേണ്ടത് നൽകുന്നു”
ഇസഹാക്ക് ചിന്തിച്ചു.



ബലിയർപ്പണ സമയത്ത് കർത്താവിന്റെ ദൂതൻ വീണ്ടും അരുളിച്ചെയ്തു "നീ എന്റെ വാക്ക് അനുസരിച്ചത് കൊണ്ട് നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും. നിന്റെ സന്തതികളെ ആശാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരികൾ പോലെയും ഞാൻ വർദ്ധിപ്പിക്കും."



അബ്രാഹവും ഇസഹാക്കും വേലക്കാരുടെ അടുക്കലെത്തി. അവർ ബേർഷബയിലേക്ക് തിരിച്ചുപോയി. കുറച്ചു കാലത്തിനു ശേഷം, ഇസഹാക്കിന് തന്റെ അമ്മയായ സാറായെ നഷ്ടപ്പെട്ടു.

അബ്രാഹം തന്റെ ഭാര്യയെ ഓർത്തു വിലപിച്ചു.



അബ്രാഹത്തിനു
പ്രായമേറിയപ്പോൾ,
ഇസഹാക്കിന് ഒരു ഭാര്യയെ
തിരഞ്ഞെടുക്കാനായി, അദ്ദേഹം തന്റെ
വേലക്കാരിൽ പ്രധാനിയെ പറഞ്ഞയച്ചു.



അബ്രാഹത്തിന്റെ
ഭൃത്യൻ, അബ്രാഹത്തിന്റെ
ബന്ധുജനങ്ങൾ താമസിക്കുന്ന
നാട്ടിലേക്ക് ഇസഹാക്കിന് ഒരു ഭാര്യയെ
അന്വേഷിച്ചു പോയി.



മെസപ്പൊട്ടോമിയായിലെ
നാഹോറിന്റെ
നഗരത്തിലെത്തിയ ഭൃത്യൻ
ദൈവത്തോട് ഒരടയാളം ചോദിച്ചു.



“ഏതൊരു
പെൺകുട്ടിയാണോ
എനിക്കും എന്റെ
ഒട്ടകങ്ങൾക്കും കിണറ്റിൽ നിന്നും
വെള്ളം കോരിത്തരുന്നത് അവളായിരിക്കട്ടെ എന്റെ
യജമാനന്റെ ഭാര്യ.”



ആ സമയം തന്നെ
സുന്ദരിയായ റബേക്ക
വെള്ളം കോരാൻ വന്നു.



അവൾ ഭൃത്യനും
ഒട്ടകങ്ങൾക്കും കുടിക്കാൻ
വെള്ളം കോരിക്കൊടുത്തു.
തന്റെ പ്രാർത്ഥന കേട്ട് അടയാളം പ്രവർത്തിച്ച
ഭൃത്യൻ ദൈവത്തിന് ഭൃതൻ നന്ദി പറഞ്ഞു.



ഭൃത്യൻ റബേക്കായുടെ വീട്ടുകാരുമായി സംസാരിച്ച് വിവാഹം ഉറപ്പിച്ചു. പെൺകുട്ടിയുമായി ഭൃത്യൻ ഇസഹാക്കിന്റെ അടുത്തേക്ക് പോയി.



ഇസഹാക്ക് അവളെ തന്റെ അമ്മയായ സാറായുടെ കൂടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവൻ അവളെ ഭാര്യയായി സ്വീകരിച്ച് സ്നേഹിച്ചു. അമ്മയുടെ വേർപാടിൽ ദുഃഖിച്ചിരുന്ന അവന് ആശ്വാസം ലഭിച്ചു.



# അബ്രാഹത്തിന്റെ സ്നേഹം ദൈവം പരീക്ഷിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉൽപത്തി 22-24

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ട്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16